**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 150** **05-07-2022 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി വിലക്കയറ്റ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. ആന്റണി ജോൺ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പച്ചക്കറി വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ഉല്പാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തത കൈവരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിന് പച്ചക്കറി, പഴം, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയ്ക്ക് താങ്ങുവില ഏർപ്പെടുത്തിയത് പ്രയോജനപ്രദമായിട്ടുണ്ടോ; വിള സംഭരണം കാര്യക്ഷമമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; | (ബി) | ഉണ്ട്. വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാനവില പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പച്ചക്കറി അടിസ്ഥാന വില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതി പ്രകാരം മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി തുടങ്ങിയ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാനവില പ്രഖ്യാപിച്ചത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില സംബന്ധിച്ച വിശദാംശം അനുബന്ധം **-1** ആയി ചേർക്കുന്നു.<br><br>കൃഷിവകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില അടിസ്ഥാന വിലയേക്കാൾതാഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉല്പന്നങ്ങൾ |

| | | | |
|---|---|---|---|
| | | | നിലവിലെ മാർക്കറ്റ് വിലയ്ക്ക്, തിരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുന്നു. ഇതിൽ 250 വിപണികൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ (PACS)യും, 300 വിപണികൾ കൃഷി വകുപ്പിന്റെതുമാണ്.<br><br>ഈ വിപണികളുടെ പ്രവർത്തനം മൂലം ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നു. പദ്ധതി പ്രകാരം പഴംപച്ചക്കറികൾ സംഭരിക്കുമ്പോൾ അടിസ്ഥാനവിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേക്ക് ഡി.ബി.റ്റിയായി നൽകുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ കർഷകർക്ക് 3.021 കോടിരൂപയും, 2021-22 വർഷത്തിൽ കർഷകർക്ക് 7.938 കോടി രൂപയും കേരളം ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതി പ്രകാരം വിതരണംചെയ്തു. |
| (സി) | സംസ്ഥാനത്തെ പ്രതിവർഷ പച്ചക്കറി ആവശ്യകതയും ഉല്പാദനവും എത്രയെന്ന് അറിയിക്കാമോ? | (സി) | നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നു എന്ന് കണക്കാക്കിയിട്ടുണ്ട്. 16.01 ലക്ഷം മെട്രിക് ടണ്ണാണ് 2021-22 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

| ക്രമ നം. | വിള | അടിസ്ഥാന വില |
|---|---|---|
| 1 | മരച്ചീനി | 12 |
| 2 | നേന്ത്രൻ<br>വയനാടൻ നേന്ത്രൻ | 30<br>24 |
| 3 | കൈതച്ചക്ക | 15 |
| 4 | കുമ്പളം | 9 |
| 5 | വെള്ളരി | 8 |
| 6 | പാവൽ | 30 |
| 7 | പടവലം | 16 |
| 8 | വള്ളിപ്പയർ | 34 |
| 9 | തക്കാളി | 8 |
| 10 | വെണ്ട | 20 |
| 11 | ക്യാബേജ് | 11 |
| 12 | ക്യാരറ്റ് | 21 |
| 13 | ഉരുളക്കിഴങ്ങ് | 20 |
| 14 | ബീൻസ് | 28 |
| 15 | ബീറ്റ്റൂട്ട് | 21 |
| 16 | വെളുത്തുള്ളി | 139 |

## അനുബന്ധം - III

| | |
|---|---|
| വി.എഫ്.പി.സി.കെ | 250 |
| ഹോർട്ടികോർപ് | 18 |
| ഇക്കോഷോപ്പുകൾ | 12 |
| എ ഗ്രേഡ് ക്ലസ്റ്ററുകൾ | 14 |
| മൊത്തവ്യാപാരവിപണികൾ | 6 |
| **ആകെ** | **300** |